**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3592** **26-10-2021 - ൽ മറുപടിയ്ക്ക്**

**ഭിന്നശേഷിക്കാരുടെ ജോലി സംവരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ) | | **Dr. R. Bindu**<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | ഭിന്നശേഷിക്കാർക്ക് സർക്കാർ ജോലികളിൽ ഏർപ്പെടുത്തിയിട്ടുള്ള സംവരണം പാലിക്കുന്നുണ്ടോ എന്ന് ഉറപ്പാക്കുന്നതിന് വകുപ്പ് സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ; | (എ) | Rights of Persons with Disabilities Act 2016 വ്യവസ്ഥകൾ പ്രകാരം ഭിന്നശേഷിക്കാർക്ക് അനുയോജ്യമായ തസ്തികകൾ കണ്ടെത്തി ഉത്തരവ് പുറപ്പെടുവിക്കുകയും ആയത് യഥാസമയം പി എസ് സി യെ അറിയിക്കുകയും ചെയ്യുന്നുമുണ്ട്. സംസ്ഥാന സർവീസിൽ 4% സംവരണം അനുവദിച്ച് G O (P) No : 12/2019/SJD dated 31.10.2019 ഉത്തരവായിട്ടുണ്ട്. ആയതുമായി ബന്ധപ്പെട്ട കെ എസ് & എസ് എസ് ആർ ഭേദഗതി വരുത്തുന്ന വിഷയം ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പുമായി ചേർന്ന് പരിശോധിച്ച് വരുന്നുണ്ട്. ഭിന്നശേഷി നിയമനവുമായി ബന്ധപ്പെട്ട റിപ്പോർട്ട് യഥാസമയം ലഭ്യമാക്കുവാൻ പി എസ് സി യോട് അഭ്യർത്ഥിച്ചിട്ടുമുണ്ട്. |
| (ബി) | എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന താല്കാലിക നിയമനം ലഭിച്ചിരുന്ന ഭിന്നശേഷിക്കാർക്ക് പുനർനിയമനം നൽകുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ? | (ബി) | ഈ വിഷയം നിലവിൽ സർക്കാരിന്റെ പരിഗണനയിലില്ല. 16.8.1999 മുതൽ 31.12.2003 വരെ കാലയളവുകളിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന 179 ദിവസം താത്കാലിക സേവനം അനുഷ്ഠിച്ച ഭിന്നശേഷിക്കാർക്ക് പുനർ നിയമനം നൽകുന്നതിനായി സൃഷ്ടിച്ച 2677 സൂപ്പർ ന്യൂമററി തസ്തികകളിൽ പുനർ നിയമനം നൽകി വരുന്നുണ്ട്. 2004 ന ശേഷം എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന താത്കാലിക സേവനം അനുഷ്ഠിച്ച ഭിന്നശേഷി ജീവനക്കാർക്ക് പുനർ നിയമനം നൽകുന്ന വിഷയം പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ